**"ഒരു തുറിച്ചുനോട്ടമുണ്ടാക്കുന്ന അസ്വസ്ഥത മുതൽ ബലാൽസംഗത്തിലേക്കും കൊലയിലേക്കും നയിക്കാവുന്ന സാഹചര്യങ്ങൾ വരെ നിലനിൽക്കുന്നുണ്ട് എന്ന ഭയത്തോടെയാണ് കേരളത്തിൽ സ്ത്രീകൾ യാത്ര ചെയ്യുന്നത്."**

**സദാചാര വേട്ടയുടെ ഇരകളായിത്തീർന്ന പെണ്ണനുഭവങ്ങളുടെ പുസ്തകം പരിചയപ്പെടുന്നു**


**ഐ. ഗോപിനാഥ്**

# എന്തുകൊണ്ട് മലയാളി ഈ പുസ്തകം വായിക്കുന്നില്ല?

**പട്ടിക്കും** പൂച്ചക്കും നടക്കാവുന്ന പൊതുവഴിയിൽ അധ:സ്ഥിതന് നടക്കാനാകാത്ത ഒരു കാലം കേരളത്തിൽ ഉണ്ടായിരുന്നല്ലോ. കുതിരവണ്ടിയിൽ തലപ്പാവുമായെത്തിയ അയ്യങ്കാളിയും കൂട്ടരും നടത്തിയ പോരാട്ടങ്ങളുടെ ഫലമായി ആ കാലത്തിന് അവസാനമായി. എന്നാൽ ഇന്നും പൊതുവഴിയിൽ ഭയത്തോടെയല്ലാതെ സഞ്ചരിക്കാൻ കഴിയാത്ത ഒരു വിഭാഗം കേരളത്തിലുണ്ട്. ജനസംഖ്യയിൽ പകുതിയേക്കാൾ കൂടുതലാണവർ. നാമവരെ സ്ത്രീയെന്നോ പെണ്ണെന്നോ വിളിക്കുന്നു. തനിക്കുകൂടി അവകാശപ്പെട്ട പൊതുനിരത്തിലൂടെ യാത്രചെയ്തതിന്റെ പേരിൽ സ്വന്തം വ്യക്തിത്വത്തിന് അപമാനമേല്ക്കാത്ത എത്ര സ്ത്രീകളുണ്ടാകും കേരളത്തിൽ? അവരുടെ പ്രതിനിധികളായി ഏതാനും പേരുടെ യാത്രാനുഭവങ്ങൾ സമാഹരിച്ച് റ്റിസി മറിയം തോമസ് എഡിറ്റ് ചെയ്ത് പുറത്തിറക്കിയ പെണ്ണിര എന്ന പുസ്തകം സമകാലിക കേരളീയാവസ്ഥയിൽ പ്രസക്തമാകുന്നത് അതുകൊണ്ടുതന്നെ.

പുസ്തകത്തിന്റെ കവറിൽതന്നെ സാറാജോസഫ് പറയുന്നപോലെ ഒരു തുറിച്ചുനോട്ടമുണ്ടാക്കുന്ന അസ്വസ്ഥത മുതൽ ബലാൽസംഗത്തിലേക്കും കൊലയിലേക്കും നയിക്കാവുന്ന സാഹചര്യങ്ങൾ വരെ നിലനിൽക്കുന്നുണ്ട് എന്ന ഭയത്തോടെയാണ് കേരളത്തിൽ സ്ത്രീകൾ യാത്ര ചെയ്യുന്നത്. യാത്രകളിലെ സൗമ്യമാരെ തിരിച്ചറിയാനും ഇനിയും സൗമ്യമാരുണ്ടാകാതിരിക്കാനും പുസ്തകം സമർപ്പിച്ചിരിക്കുന്നത് മറ്റാർക്കുമല്ല, സൗമ്യക്കുതന്നെ. എന്നാൽ അതോടൊപ്പം മറ്റൊന്നുകൂടി ഈ പുസ്തകം ഓർമ്മിപ്പിക്കുന്നു. പ്രതി ഗോവിന്ദച്ചാമി എന്ന തമിഴനല്ലായിരുന്നെങ്കിൽ ഇത്രയും സ്നേഹം സൗമ്യയുടെ ആത്മാവിന് നാം നൽകുമായിരുന്നോ? സാധ്യതയില്ല എന്നതിന് തെളിവാണ് ഈ പുസ്തകത്തിൽ വിവരി

ക്കുന്ന ഓരോരുത്തരുടേയും അനുഭവങ്ങൾ. അല്ലെങ്കിൽതന്നെ കുലീനയായ ഒരു മലയാളി സ്ത്രീ പുറത്തു പറയാത്ത കാര്യങ്ങൾ ആദ്യം വിളിച്ചു പറഞ്ഞ പി.ഇ ഉഷമുതൽ മെട്രോ നഗരത്തിൽപോലും സുഹൃത്തിനൊപ്പം യാത്ര ചെയ്തപ്പോൾ സദാചാരപോലീസ് പിടികൂടിയ തസ്നി ബാനു വരെയുള്ളവരുടെ കൂടെയായിരുന്നില്ല, മറിച്ച് വേട്ടക്കാർക്കൊപ്പമായിരുന്നല്ലോ ബഹുഭൂരിപക്ഷം മലയാളികളും.




തിരുവനന്തപുരം സഖി പഠന കേന്ദ്രത്തിൽ പ്രോജക്ട് കോഡിനേറ്ററായ രജിത പറയുന്നപോലെ ഇത്തിരി വൈകിയ നേരങ്ങളിൽ ചെവിയിലൊരു പാട്ടും തിരുകി അലസമായി സ്വപ്നം കണ്ടു നടക്കണമെന്ന് ഉള്ളാലെയെങ്കിലും ആഗ്രഹിക്കുന്നവരാണ് മിക്കപെൺകുട്ടികളും. എന്നാൽ സ്വന്തം പേരുപോലും ജാഗരൂക എന്നാക്കി മാറ്റേണ്ട അവസ്ഥയിലാണവർ. എന്തായാലും അവൾ പെണ്ണല്ലേ എന്ന് ചോദിക്കുന്നവരിൽ സ്ത്രീകളും ധാരാളം. അതിനിടയിൽ ആത്മബോധമുള്ള ചിലരെങ്കിലും പ്രതികരിക്കുന്നു. കൊച്ചിയിലെ ഒരു വസ്ത്രശാലയിൽ ജോലി ചെയ്യുന്ന കൊടുങ്ങല്ലൂർകാരി സറീന പട്ടാപകൽ തന്നെ കയറിപിടിച്ചവനെ കോളറിൽ പിടിച്ച് കൈകാര്യം ചെയ്ത ചിത്രം ഈ ആത്മബോധത്തിന്റെ പ്രകടനമാണ്. ആ ഒറ്റ സ്നാപ്പ് തന്റെ ജീവിതത്തെ തന്നെ മാറ്റി മറിച്ചെന്ന് സറീന പറയുമ്പോൾ മറ്റുപലർക്കുമത് കരുത്തേകി. എറണാകുളത്തുതന്നെ ജോലി ചെയ്യുന്ന പ്രിയദർശനി പാലാരിവട്ടത്തുവെച്ച് തന്നെ അക്രമിച്ചതിനെ ഓടിച്ചിട്ടു പിടിച്ചതിനു പ്രചോദനം മറ്റൊന്നായിരുന്നില്ല. കേസു പിൻവലിക്കാനുള്ള പോലീസുകാരടക്കമുള്ളവരുടെ സമ്മർദ്ദത്തേയും അവർ മറികടന്നു. സുചിത്രയും രശ്മിയും ഗായത്രിയും ശ്രീവിദ്യയും റോസമ്മയും നെസ്സി ഹാരിസും തസ്നി ബാനുവും ഗായത്രിയുമൊക്കെ നിരത്തിലും ബസ്സിലും ട്രെയിനിലുമെല്ലാമുള്ള തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നു.

**ഇത്തിരി വൈകിയ നേരങ്ങളിൽ ചെവിയിലൊരു പാട്ടും തിരുകി അലസമായി സ്വപ്നം കണ്ടു നടക്കണമെന്ന് ഉള്ളാലെയെങ്കിലും ആഗ്രഹിക്കുന്നവരാണ് മിക്കപെൺകുട്ടികളും. എന്നാൽ സ്വന്തം പേരുപോലും ജാഗരൂക എന്ന് മാറ്റേണ്ട അവസ്ഥയിലാണവർ**

അതേസമയം സ്ത്രീകളിൽ ബഹുഭൂരിപക്ഷത്തിനും നേരിട്ടറിവില്ലാത്ത അനുഭവങ്ങളാണ് ഡോ. ബേബി ഷാരിയും റ്റിൻസി ആൻ തോമസും വിശദീകരിക്കുന്നത്. അതവരുടെ ഡ്രൈവിംഗ് അനുഭവങ്ങളാണ്. ഡ്രൈവിംഗ് പഠിക്കുന്നതുമുതൽ പൊതുനിരത്തിലൂടെ ഓടിച്ചുപോകുമ്പോൾ വരെയുള്ള അനുഭവങ്ങൾ. കാറോടിക്കുന്ന പെണ്ണ് നമുക്ക് ബൂർഷ്വാസിയാണല്ലോ. ബൂർഷ്വാസി വർഗശത്രുവും. എന്നാൽ പെണ്ണനുഭവങ്ങളിൽ കാര്യമായ വർഗ്ഗഭേദങ്ങളില്ല എന്നതാണ് വസ്തുത. സ്വസ്ഥമായി ദീർഘദൂര ഡ്രൈവിംഗ് ചെയ്യാൻ ആഗ്രഹിക്കുന്ന അവളെ വഴിനീളെയുള്ള വാഹനങ്ങളോടിക്കുന്നവർ ഒരിക്കലും അനുവദിക്കാറില്ല. പലപ്പോഴും അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതുപോലും ഭാഗ്യം കൊണ്ട്. എന്തിനേറെ, നമ്മുടെ മിക്ക വാഹനങ്ങൾക്കും രൂപം കൊടുത്തിരിക്കുന്നത് പുരുഷന്റെ ശരീരത്തിന്റെ സൗകര്യാർത്ഥം.

ആണുങ്ങളടക്കമുള്ള സുഹൃത്തുക്കളുമൊത്ത് യാത്ര ചെയ്തതിന് സദാചാര പോലീസിനാൽ അക്രമിക്കപ്പെട്ട അനുഭവങ്ങളാണ് ജോളിയും കനിയും. ജോളിയെയും കൂട്ടരേയും നെല്ലിയാമ്പതിയിൽ വെച്ച് പിടികൂടിയത് യൂണിഫോമിട്ട സദാചാരപോലീസായിരുന്നെങ്കിൽ കനിയെയും കൂട്ടരേയും ചവറയിൽ പിടികൂടിയത് യൂണിഫോമില്ലാത്ത സദാചാരപോലീസ്. പെണ്ണിനെ പട്ടാപകൽ കടന്നാക്രമിക്കുമ്പോൾ ഈ രണ്ടുതരം പോലീസുകാരുടേയും പൊടിപോലും കാണാറില്ല. പിന്നീട് കേൾക്കുക എന്തുകൊണ്ടവൾ രക്ഷപ്പെടാൻ ശ്രമിച്ചില്ല എന്ന സ്ഥിരം ചോദ്യം. ആൺ – പെൺ മതിലുകളില്ലാത്ത ഒരു ലോകത്തെ സ്വപ്നം കാണുന്ന കൗമാരക്കാരി ബേബി സിലിയ പടിയത്തിന്റെ വരികൾ പുസ്തകത്തെ കൂടുതൽ അർത്ഥവത്താക്കുന്നു. അതേസമയം എന്തുകൊണ്ട് പ്രബുദ്ധനായ മലയാളി ഇങ്ങനെയായി എന്ന് ഈ പുസ്തകം അന്വേഷിക്കുന്നില്ല. അതിന്റെ ആവശ്യവുമില്ല. അത് കണ്ടെത്തേണ്ടത് വായനക്കാർ തന്നെ. ഈ പ്രബുദ്ധത തന്നെയായിരിക്കണം അതിനു കാരണം.

### വാൽകഷ്ണം

രണ്ടു കൂട്ടർക്കു മാത്രമേ കേരളത്തിലെ തെരുവുകളിൽ ഭയം കൂടാതെ നടക്കാനാവൂ എന്ന് ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥയിൽ നളിനി ജമീല പറയുന്നുണ്ട്. ഒന്ന് ലൈംഗിക തൊഴിലാളിക്ക്. രണ്ട് പർദ്ദ ധരിച്ചവർക്ക്..... പർദ്ദ ധരിക്കുമ്പോൾ താൻ സ്വാതന്ത്ര്യം അനുഭവിക്കുന്നു എന്നും ചുറ്റുമുള്ളവരുടെ മുഴുവൻ കോപ്രായങ്ങളും കണ്ട് ചിരിക്കാൻ കഴിയാറുണ്ടെന്നും അടുത്തയിടെ ഒരു പെൺകുട്ടിയും പറയുന്ന കേട്ടു. ഇനിയിപ്പോൾ മലയാളി സ്ത്രീകൾ ആ വഴി സ്വീകരിക്കേണ്ടി വരുമോ ആവോ?